OM NAMO BHAGAVATHE VASUDEVAYA

ARSHA DHARMA PARISHAD

# UTTARA GURUVAYURAPPAN TEMPLE

Pocket-3, Mayur Vihar Phase-I, Delhi-110091. Ph.: 8368130663, 22710305, 22711029
E-mail : adparishad@gmail.com, Web.: www.uttaraguruvayurappan.org



FROM
6.10.2025 TO 2.11.2025

## കോടി അർച്ചന
## KODI ARCHANA

Morning 6.00 am to 11.30 am
Evening 4.30 pm to 7.30 pm

Dhanyatman,

In deference to the long cherished ambition of Lord Guruvayurappan's devotees, the governing body of Arsha Dharma Parishad has, under the guidance of Temple Chief Thantri Brahmasri Puliyannoor Anujan Narayanan Nambudiripad, decided to conduct for the first time in the Uttara Guruvayurappan Temple in Mayur Vihar Phase – I, Delhi, the most powerful spiritual Yajnam "Vishnu Sahasranama Kodi Archana" from Monday, the 6th October to Saturday, the 1st November 2025 followed by "Laksha Deeparchana" on Sunday, the 2nd November 2025.

The salient features and highlights of Vishnu Sahasranama Kodi Archana, involving 27 days of chanting names of Lord Vishnu by several Archakas (Priests), corresponding to as many number of Stars and offering floral submissions in worship is believed to usher in prosperity, peace, divine protection, removal of obstacles in one's life and enhancement of spiritual growth. In essence, the Vishnu Sahasranama Kodi Archana, being organized is a pious and powerful ritual, which can help with stress relief, promote cognitive abilities and emotional stability.

This most sacred ritual will be performed in respect of all the 27 Nakshatras daily, to facilitate devotees choose convenient days for booking their names with stars, as well as to ensure that cumulatively Archanas are performed for each star one crore times, during the course of Kodi Archana. Devotees have also the additional benefits of getting performed in their names, several Sookthams such as Sarvaiswaryam, Aikamathyam, Mangalyam, Ashtothram, Bhagyam etc., during Kodi Archana. Devotees can also have the opportunity to book Special Udayasthamana Pooja for Lord Guruvayurappan to be conducted by Temple Thantri during the sessions of Kodi Archana.

Before the Kodi Archana commences, purification ceremonies such as "Praasada Sudhi" and "Bimba Sudhi" are performed in the Temple. While Praasada Sudhi denotes a ritual performed for cleansing the state of Sthoola Bhavam of the Lord, in other words, sanctifying the Deva Gruham (Temple precincts), the Bimba Sudhi involves purification rituals for the state of Sookshma Bhavam of the Lord, through Chathusudhi, Dhara, Panchagavyam and Panchagam, in that order.

Each day's procedure encompasses Poorna Silver Kalasam, which symbolizes abundance, prosperity, spiritual purity, auspiciousness and divine grace, will be filled up amidst Vedic Chants with freshly prepared fragrant sandalwood paste and Kalasa Pooja performed by Thantri to the accompaniment of designated Vadyam 'Thimilappani' by expert percussionists before performing Vishnu Sahasranama Archana with Thulsi leaves and other permitted flowers in the names of devotees by a group of Archakas. The silverware Kalasam, thus worshipped day long, will be carried with recitals of mantras to the accompaniment of Panchavadyam in a procession around the Temple, for anointing the Deity of Lord Guruvayurappan by Thantri, during the Pantheeradi Pooja, the very next day morning. This procedure is repeated all the 27 days, to conclude with "Laksha Deeparchana" in the evening of 28th day, falling on Sunday, 2nd November 2025. This traditional ritual does not remain just an adornment of Lord Guruvayurappan, but also embodies both aesthetic and spiritual ambience, symbolizing devotion and reverence, promoting a sense of sacredness and blessings to the participants.

During the Kodi Archana days, various cultural and temple art forms like, Keli, Thayambaka, Panchavadyam, Melam, etc., will be organized for the cultural entertainment of all. Delightful and freshly prepared Prabhatha Bhakshanam (Breakfast) and Prasada Oottu (Lunch), will be provided to all devotees, attending Kodi Archana.

Obviously, organizing a mammoth Yajnam like Kodi Archana will entail huge expenses towards Dakshina to the Archakas numbering over 50 everyday, cost of their travel from & to Kerala, boarding and lodging, cost of flowers, transportation of articles, cost of fresh dhotis & towels for Archakas daily, cost of sandalwood, decorations and illuminations, and Annadanam etc., for devotees, cost of other pooja articles, readying the infrastructure, Laksha deepam expenses etc. Details of sponsorships and offerings available to devotees during Kodi Archana days are given below:

| | | |
|---|---|---|
| Kodi Archana Coupon | - | Rs. 200/- per coupon |
| Kodi Archana Kalasam | - | Rs. 1,00,000/- per day in all 27 days |
| One Session of Archana | - | Rs. 50,000/- |
| One Day Session [8*50000] | - | Rs. 4,00,000/- |
| Sandal For Kalabham | - | Rs.25,000/- [Per Day] |
| Ghee | - | Rs.10,000/- [Per Day] |
| Til Oil | - | Rs. 7,500/- [Per Day] |
| Flower | - | Rs. 50,000/- (multiple bookings) |
| Alankaram of Kodi Archana Mandapam/Temple | - | Rs. 25,000/- [Per Day] |
| Dhoti for Archakas | - | Rs. 21,000/- [Per Day] |
| Prasadha Oottu | - | Rs. 10,000/- (multiple bookings) |
| Prabhatha Bhakshanam | - | Rs. 5,000/- (multiple bookings) |
| Lakhshadeepam Coupon | - | Rs. 10/- per coupon<br>Rs. 100/- for 11 coupons<br>Rs. 500/- for 55 coupons<br>Rs. 1000/- for 110 coupons |
| Spl.Udayasthamana Pooja by Thantri during Kodi Archana | - | Rs. 10,000/- |
| Spl. Kalasa Pooja by Thantri During Kodi Archana | - | Rs. 5,000/- |

**SPECIAL PUSHPANJALIS**

(Aikamathyasuktha Pushpanjali, Ashtothara Pushpanjali, Ayursuktha Pushpanjali, Bhagyasuktha Pushpanjali, Dhanwanthara Pushpanjali, Kunthigopala Pushpanjali, Purushasuktha Pushpanjali, Rajagopala Pushpanjali, Sahasranama Pushpanjali, Santhanagopala Pushpanjali, Vidyagopala Pushpanjali - Rs. 50/- each.

Sponsorship for Vadyam (for Kodi Archana period) - Rs. 30,000/- Per day

Even as we embark on this mega-programme, our hopes for resources are pinned on the unwavering dedications and support of devotees and well wishers, who have all along been instrumental in the successful accomplishment of every endeavour in the Temple.

To make this maiden attempt a grand success as well as to receive the benign Blessings of Lord Guruvayurappan, the Executive Committee of Arsha Dharma Parishad appeals to each and every devotee of Lord Guruvayurappan to soulfully participate in large numbers in the Kodi Archana and Laksha Deeparchana Yajnam.
May you always remain blessed by Lord Guruvayurappan.

Executive Committee
Arsha Dharma Parishad

FEDERAL BANK
YOUR PERFECT BANKING PARTNER
kodiarchana3769@fbl
ARSHA DHARMA PARISHAD
This QR can accept payments from all ₹ apps
Scan & Pay using any UPI App

ഓം നമോ ഭഗവതേ വാസുദേവായ

# ഉത്തരഗുരുവായൂരപ്പൻ ക്ഷേത്രം

പോക്കററ് 3, മയൂർ വിഹാർ ഫേസ് 1, ഡൽഹി - 110091, ഫോൺ - 011 8368130663, 22710305, 22711029



(2025 ഒക്േടാബർ 6 മുതൽ നവംബർ 2 വരെ)

## കോടി അർച്ചന

(1201 കന്നി 20 മുതൽ തുലാം 16 വരെ)

രാവിലെ 6 മണിമുതൽ 11.30 വരെ - വൈകുന്നേരം 4.30 മുതൽ 7.30 വരെ)

ധന്യാത്മൻ,

ഭക്തജനങ്ങളുടെ ചിരകാല അഭിലാഷം സാക്ഷാത്കരിച്ചു കൊണ്ട് ഉത്തരഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ 2025, ഒക്േടാബർ 6 മുതൽ നവംബർ 2 വരെ (1201 കന്നി 20 മുതൽ തുലാം 16 വരെ) ഉള്ള നാളുകളിൽ വിഷ്ണുസഹസ്രനാമ കോടി അർച്ചനയും സമാപന ദിവസത്തിൽ ഞായർ നവംബർ 2 ലക്ഷദീപാർച്ചനയും നടത്തുവാൻ തീരുമാനിച്ച വിവരം ശ്രീ ഗുരുവായൂരപ്പന്റെ ഭക്തജനങ്ങളെ സസന്തോഷം അറിയിക്കുന്നു. അപൂർവ്വങ്ങളിൽ അപൂർവ്വം എന്നു വിശേഷിപ്പിക്കാവുന്ന ഈ മഹായജ്ഞത്തിന് ആദരണീയനായ ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ അനുജൻ നാരായണൻ നമ്പൂതിരിപ്പാട് മുഖ്യകാർമ്മികത്വവും മേൽനോട്ടവും വഹിക്കുന്നതാണ്. യജ്ഞത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന വിശേഷാൽ ഉദയാസ്തമനപൂജ, വിവിധ സൂക്ത പുഷ്പാഞ്ജലികൾ തുടങ്ങിയ വേദകർമ്മങ്ങളും തന്ത്രിയുടെ കാർമ്മികത്വത്തിലാണ് നടക്കുക.

തന്ത്രവിധിപ്രകാരം തയ്യാറാക്കിയ മണ്ഡപങ്ങളിൽ 50 – ൽ അധികം വരുന്ന അർച്ചകന്മാർ (പൂജാരിമാർ) സർവ്വ രക്ഷകനും സർവ്വൈശ്വര്യദായകനുമായ ഭഗവാൻ മഹാവിഷ്ണുവിന്റെ ആയിരം പുണ്യനാമങ്ങൾ 27 നാളുകളിലായി ഒരുകോടി ഉരുജപിച്ച് പുഷ്പാർച്ചന ചെയ്യുന്നതാണ്, കോടി അർച്ചന എന്ന മഹായജ്ഞത്തിന്റെ വിശേഷത.

ഈ മഹാസംരംഭത്തിനു മുന്നോടിയായി ക്ഷേത്രത്തിൽ പ്രാസാദശുദ്ധി, ബിംബശുദ്ധി തുടങ്ങിയ ശുദ്ധികർമ്മങ്ങൾ ചെയ്യുന്നതാണ്. ദേവന്റെ അസ്തിത്വം പരം, സൂക്ഷ്മം, സ്ഥൂലം എന്നീ അവസ്ഥാ വിശേഷങ്ങളിലാണ് നിലനിൽക്കുന്നത്. പരം എന്നത് ചൈതന്യാവസ്ഥയും, സൂക്ഷ്മം, ബിംബോപാധി അവസ്ഥയും, സ്ഥൂലം എന്നത് ദേവ ശരീരമാകുന്ന ക്ഷേത്രവും ആകുന്നു. ഇവ ഓരോന്നും ശുദ്ധിയാക്കേണ്ടതാണ്. പ്രാസാദ ശുദ്ധി സ്ഥൂലഭാവത്തെ അഥവാ ദേവഗൃഹത്തെ ശുദ്ധീകരിക്കുന്ന ക്രിയയാണ്. സൂക്ഷ്മോപാധിയായിരിക്കുന്ന ബിംബത്തെ ശുദ്ധീകരിക്കുന്നതിന് വേണ്ടി നടത്തുന്ന ബിംബശുദ്ധി കലശങ്ങളാൽ ചതുശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചഗം എന്നീവിധത്തിൽ ബിംബശുദ്ധി നടത്തപ്പെടുന്നു.

എല്ലാ ദിവസങ്ങളിലും 27 നക്ഷത്രങ്ങൾക്കും പേരും നാളും ചൊല്ലി പുഷ്പാഞ്ജലി ഉള്ളതിനാൽ ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായനാളുകളിൽ വഴിപാട് നടത്താവുന്നതാണ്. എല്ലാ ദിവസവും വെള്ളിക്കലശത്തിൽ വൈവിധ്യമാർന്ന സുഗന്ധദ്രവ്യങ്ങൾ ചേർത്ത് പ്രത്യേകം തയ്യാറാക്കിയ കളഭം തന്ത്ര വിധി പ്രകാരം നിറച്ച് യജ്ഞവേദിയിൽ പുജിക്കുന്നതാണ്. അടുത്ത ദിവസം രാവിലെ പന്തീരടിപൂജാവേളയിൽ, വേദമന്ത്രോച്ചാരണങ്ങളോടെ, പഞ്ചവാദ്യം, താലപ്പൊലി എന്നിവയുടെ അകമ്പടിയോടെ എഴുന്നെള്ളിച്ചു കളഭം ഗുരുവായൂരപ്പന് ആടുന്നതാണ്. 27 –ാം ദിവസത്തെ കലശം 28 –ാം ദിവസം (ഞായർ നവംബർ 2) രാവിലെ ഭഗവാന് ആടുന്നതാണ്. അന്നു വൈകുന്നേരം ലക്ഷദീപാർച്ചനയോടുകൂടി യജ്ഞം സമാപിക്കുന്നതാണ്.

യജ്ഞം നടക്കുന്ന ദിവസങ്ങളിൽ വിശേഷാൽ ഉദയാസ്തമനപൂജ, പുരുഷസൂക്ത പുഷ്പാഞ്ജലി, ഭാഗ്യസൂക്ത പുഷ്പാഞ്ജലി, മംഗല്യസൂക്ത പുഷ്പാഞ്ജലി തുടങ്ങിയ വഴിപാടുകൾ നടത്തുന്നതാണ്.

ഹൈന്ദവ ആചാരങ്ങളിൽ വിഷ്ണു സഹസ്രനാമജപത്തിന് വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു. വിഷ്ണുപ്രീതി, സർവ്വഐശ്വര്യം, ആരോഗ്യം, സമാധാനം എന്നിവ വിഷ്ണു സഹസ്രനാമ ജപത്തിലൂടെ പ്രാപ്തമാകുമെന്ന് ആചാര്യൻമാർ ഉദ്ഘോഷിക്കുന്നു. ഈശ്വര ചൈതന്യം നിറഞ്ഞുനിൽക്കുന്ന ക്ഷേത്രപരിസരത്തു നടക്കുന്ന ഈ മഹായജ്ഞം ഭക്തജനങ്ങളുടെ ആത്മീയ ഉണർവിനും അതിലൂടെ സംഘർഷമുക്തമായ ജീവിതം നയിക്കുന്നതിനും സഹായകമാകുമെന്ന കാര്യം സുനിശ്ചിതമാണ്.

ബ്രഹ്മശ്രീ അനുജൻ നാരായണൻ നമ്പൂതിരിപ്പാടിന്റെ വാക്കുകൾ ഇത്തരുണത്തിൽ സ്മരണീയമാണ്.

“വിഷ്ണു സഹസ്ര നാമത്തിന്റെ മഹത്ത്വം വാസ്തവത്തിൽ ക്ഷീരസാഗരം പോലെ പരന്നു നിറഞ്ഞ് നിൽക്കും പോലെയാണ്. അനന്തമാണത്. നമുക്കൊക്കെ സ്മരിക്കാവുന്നതിലും എത്രയോ സുദീർഘമാണത് എന്ന് പറയാതെ വയ്യാ.

വ്യാസവിരചിതമായ മഹാഭാരതം എന്ന പ്രസിദ്ധമായ ഇതിഹാസത്തിൽ വനപർവ്വം എന്ന ഭാഗത്താണ് വിഷ്ണു സഹസ്ര നാമത്തിന്റെ ദിവ്യമായ ജനനം. ശരശയ്യയിൽ ശയിക്കുന്ന പുണ്ണ്യാത്മാവായ ഭീഷ്മർ യുധിഷ്ഠിരന് (ധർമ്മപുത്രർ) ഉപദേശിച്ചതാണ് സഹസ്ര നാമം. ആ സന്ദർഭം വാസ്തവത്തിൽ ഏറെ ഗൗരവമുള്ളതാണെന്ന് പറയാറുണ്ട്. കാരണം യുധിഷ്ഠിരന്റെ ബോധത്തിനും ആഗ്രഹത്തിനുമെന്നതിലുപരി, സ്വമുക്തിയ്ക്ക് ഉപയോഗപ്രദമാകട്ടേ എന്ന് ഉദ്ദേശിച്ചിട്ടാകണം ഭീഷ്മപിതാമഹൻ അപ്പോൾ സഹസ്രനാമം ജപിച്ച് ഉപദേശിച്ചത്.

“കിമേകം ദൈവതം ലോകേ കിംവാപ്യേകം പരായണം, സ്തുവന്തഃ കം കർമ്മച്ചന്തഃ പ്രാപ്നുയുർമാനവാഃ ശുഭം”

എന്ന ധർമ്മ പുത്രരുടെ സംശയനിവാരണാർത്ഥം ഭീഷ്മർ ആനന്ദാശ്രുക്കളോടെ പരം പുരുഷനായ വിശ്വരൂപിയായ മഹാവിഷ്ണു സ്മരണം എന്ത്, എന്തിന്, തദ്ഫലസിദ്ധി ഇതെല്ലാം വർണ്ണിച്ച് വിവരിക്കുന്നു.

യ ഇദം ശ്രുണുയാത് നിത്യം യശ്ചാപി പരികീർത്തയേത്, നാശുഭം പ്രാപ്നുയാൽ കിഞ്ചിത് സോƒമുത്രേഹ ച മാനവഃ
ന വാസുദേവഭക്താനാമശുഭം വിദ്യതേ ക്വചിത് ജന്മമൃത്യു ജരാവ്യാധിർഭയം നൈവോപ ജായതേ
ഇമം സ്തവം ഭഗവതോ വിഷ്ണോർവ്യാസേന കീർത്തിതം, പഠേത് യ ഇച്ഛേത് പുരുഷഃ ശ്രേയഃ പ്രാപ്തും സുഖാനി ച.

സഹസ്രനാമത്തിന്റെ നിത്യമായ ജപം, കല്പവൃക്ഷം പോലെ സർവ്വാഭീഷ്ടഫലദായകമാണ് എന്നാണ് വിശ്വാസം. ഫലശ്രുതിയിൽ “രോഗാർത്തോമുച്യതേ രോഗാത്” എന്ന ശ്ലോകത്തിൽ അക്ഷരസംഖ്യാക്രമത്തിൽ 632 എന്ന സംഖ്യ അനുസരിച്ച് അത്രയും ഉരു സഹസ്രനാമജപം ശ്രദ്ധയോടും ഭക്തിയോടും അർത്ഥജ്ഞാനത്തോടുംകൂടി ചെയ്യുന്നത് സർവ്വരോഗ ശാന്തിക്ക് ഉത്തമമായ ഔഷധമാണെന്നും വിധിയുണ്ട്.

ഭക്തിമാനായ യാതൊരുവനാണോ, അർത്ഥബോധത്തോടെ, ശ്രദ്ധാഭക്തിയോടെ വിശ്വരൂപിയായ ഭഗവാൻ മഹാവിഷ്ണുവിനെ സഹസ്രനാമമാകുന്ന മന്ത്രങ്ങളേക്കൊണ്ട് ഉപാസിക്കുന്നത്, അവന് ഇഹലോകത്തിൽ സകലസൗഖ്യത്തേയും, പരലോകത്ത് മോക്ഷത്തേയും സിദ്ധിക്കുന്നതാണെന്ന് സ്മരിക്കണമെന്നും ഭീഷ്മർ ധർമ്മപുത്രരോട് ഉപദേശിക്കുന്നു.”

യജ്ഞം നടക്കുന്ന ദിവസങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രഭാത ഭക്ഷണവും പ്രസാദ ഊട്ടും (അന്നദാനം) ഉണ്ടായിരിക്കുന്നതാണ്. ഭക്തജനങ്ങളുടെ അഭിരുചിക്കനുസൃതമായ സാംസ്ക്കാരിക പരിപാടികൾ ഉൾപ്പെട്ട കലാവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

യജ്ഞത്തോടനുബന്ധിച്ചുള്ള വിവിധ പൂജകൾക്കായി തന്ത്രിവര്യന്റെ സഹായത്തിനായി എത്തുന്ന സഹതന്ത്രിമാർക്കു പുറമേ കോടി അർച്ചനക്കായി 50-ൽ അധികം അർച്ചകന്മാരും എത്തുന്നുണ്ട്. ഇവർക്കുള്ള ദക്ഷിണ, യാത്രച്ചെലവ്, താമസസൗകര്യം എന്നിവക്കു പുറമേ 28 ദിവസത്തെ പൂജാസാമഗ്രികൾ (പുഷ്പം, നെയ്യ് തുടങ്ങിയവ) ക്ഷേത്രഅലങ്കാരം, സമാപനദിവസത്തെ ലക്ഷദീപാർച്ചന തുടങ്ങിയ ഭാരിച്ച ചെലവുകൾ കണക്കിലെടുത്ത്, ഈ യജ്ഞത്തിന് ഭീമമായ ചെലവുപ്രതീക്ഷിക്കുന്നു.

യജ്ഞ ദിവസങ്ങളിൽ നടത്താവുന്ന വഴിപാടുകളുടെയും സ്പോൺസർഷിപ്പുകളുടെയും വിവരം താഴെക്കൊടുക്കുന്നു:



| | |
|---|---|
| കോടി അർച്ചനകൂപ്പൺ | ₹ 200 |
| കോടി അർച്ചന കലശം (പ്രതിദിനം) | ₹ 100,000 |
| അർച്ചന 1 ഉരു | ₹ 50,000 |
| അർച്ചന (8* 50000) പ്രതിദിനം | ₹ 4,00,000 |
| ചന്ദനം (കളഭത്തിന് വേണ്ടി) | ₹ 25,000 (പ്രതിദിനം) |
| നെയ്യ് | ₹ 10,000 (പ്രതിദിനം) |
| നല്ലെണ്ണ | ₹ 7,500 (പ്രതിദിനം) |
| പുഷ്പം (പ്രതിദിനം) | ₹ 50,000 |
| കോടി അർച്ചനമണ്ഡപം, ക്ഷേത്ര അലങ്കാരം (പ്രതിദിനം) | ₹ 25,000 |
| മുണ്ട് | ₹ 21,000 (പ്രതിദിനം) |
| അന്നദാനം | ₹ 10,000 |
| പ്രഭാതഭക്ഷണം | ₹ 5,000 |
| ലക്ഷദീപം കൂപ്പൺ | ₹ 10 |
| ലക്ഷദീപം 11 കൂപ്പൺ | ₹ 100 |
| ലക്ഷദീപം 55 കൂപ്പൺ | ₹ 500 |
| ലക്ഷദീപം 110 കൂപ്പൺ | ₹ 1000 |
| വിശേഷാൽ ഉദയാസ്തമന പൂജ (തന്ത്രി മുഖേന) | ₹ 10,000 |
| വിശേഷാൽ കലശാഭിഷേകം (തന്ത്രി മുഖേന) | ₹ 5000 |
| സൂക്ത പുഷ്പാഞ്ജലി, | ₹ 50 |
| വാദ്യം | ₹ 30000 (പ്രതിദിനം) |

ഈ മഹത്തായ യജ്ഞം വിജയിപ്പിക്കുവാൻ ഭക്തജനങ്ങളുടെ പൂർണ്ണമായ സമർപ്പണവും സഹകരണവും അത്യന്താപേക്ഷിതമാണ്. ഉത്തരഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ എല്ലാ സംരംഭങ്ങൾക്കും ഭക്തജനങ്ങളുടെ കയ്യും മെയ്യും മറന്നുള്ള സഹകരണം എന്നും ഉണ്ടായിരുന്നു എന്നുള്ളകാര്യം ഈ അവസരത്തിൽ സ്മരണീയമാണ്. ഡൽഹിയിൽ മാത്രമല്ല, ഉത്തരേന്ത്യയിൽ തന്നെയും ആദ്യമായാണ് ഇത്രയും ബൃഹത്തായ യജ്ഞം സംഘടിപ്പിക്കുന്നത്. ഭൂരിഭാഗം വരുന്ന ഭക്തജനങ്ങളുടെ ജീവിതകാലത്തിൽ ഒരിക്കൽ മാത്രം ദർശിക്കാനുള്ള ഭാഗ്യം സിദ്ധിക്കുന്ന ഒരു സുവർണ്ണാവസരമായി കണ്ട് ഈ മഹായജ്ഞത്തെ വൻ വിജയമാക്കുവാൻ ഭക്തജനങ്ങളുടെ നിറസാന്നിധ്യവും നിർലോഭമായ സഹകരണവും ആർഷ ധർമ്മപരിഷത്തിന്റെ നിർവ്വാഹക സമിതി അഭ്യർത്ഥിക്കുന്നു.

ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹാശിസ്സുകൾ എല്ലാ ഭക്തന്മാർക്കും നേർന്നു കൊണ്ട്

എക്സിക്യുട്ടീവ് കമ്മിറ്റി
ആർഷ ധർമ്മ പരിഷത്ത്

ARSHA DHARMA PARISHAD (Regd.)
KRISHNASTHU BHAGAVAN SWAYAM

# ॐ नमों भगवते वासुदेवाय

# विष्णुसहस्रनाम की एक करोड़ अर्चना एवं दीपालंकारम्

उत्तरगुरुवायूरप्पन मंदिर, मयूर विहार फेस-1, दिल्ली में महा अनुष्ठान भगवान श्री विष्णु के सहस्रनाम का एक करोड़ बार सामूहिक उच्चारण एवं ''दीपालंकारम्'' का आयोजन श्रद्धा भक्ति के साथ भव्यता में सम्पन्न किया जाएगा।

श्रद्धालुओं से आग्रह है कि अपने जीवन में आत्मशांति व दिव्यता की प्राप्ति के लिए इस विशेष व दुर्लभ आध्यात्मिक समागम में भाग लें।

श्री कृष्ण वचन :
''यो मां नामसहस्रेण जपति भक्तिसंयुतः
तस्याहं न प्रणश्यामि स च मां न प्रणश्यति''
भावार्थ :
जो भक्त भक्ति-भाव से मेरे सहस्र नामों का जाप करता है, वह मुझमें
लीन होता है। मैं उससे कभी दूर नहीं होता, और वह मुझसे कभी दूर
नही होता। मैं उसके हृदय में रहता हूँ, और वह मेरे हृदय में।

स्थान : उत्तरगुरूवायूरप्पन मंदिर मयूर विहार फेज - 1, दिल्ली - 110091

तिथियां : 6 अक्टूबर 2025 से 2 नवम्बर 2025 तक

समय : प्रातः 6:00 बजे से 11:30 बजे तक
सायं 4:30 बजे से 7:30 बजे तक

FEDERAL BANK
YOUR PERFECT BANKING PARTNER
kodiarchana3769@fbl
ARSHA DHARMA PARISHAD
This QR can accept payments from all e₹ apps
Scan & Pay using any UPI App